20
2024
ജൂലൈ
ശനി
കർക്കിടകം 5

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.224 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-224 പേജ് 4. വില 2.00 രൂപ

02 ഗവർണർക്ക് തിരിച്ചടി; സേർച്ച് കമ്മിറ്റി രൂപീകരണത്തിന് ഹൈക്കോടതി സ്റ്റേ

03 പെൻഷൻ കുറച്ചെങ്കിലും നൽകിക്കൂടേ സർക്കാരിനോട് ഹൈക്കോടതിയുടെ ചോദ്യം

04 ക്രൈസ്തവ ചരിത്ര മ്യൂസിയം തുറന്നു

അർജുനായുള്ള രക്ഷാപ്രവർത്തനം; അടിയന്തര ഇടപെടലിന് നിർദേശം

ബംഗളൂരു: കർണാടകയിൽ കോഴിക്കോട് സ്വദേശിയായ അർജുൻ മണ്ണിടിച്ചിലിൽ കുടുങ്ങിയ സംഭവത്തിൽ അടിയന്തര ഇടപെടലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകി. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ചീഫ് സെക്രട്ടറി സംഭവസ്ഥലത്തെ ജില്ലാ കളക്ടറുമായും പോലീസ് സൂപ്രണ്ടുമായും നിരന്തരം ബന്ധപ്പെടുന്നുണ്ട്.

കർണാടകയിലെ ഷിരൂരിൽ ദേശീയപാതയിലാണ് കോഴിക്കോട് സ്വദേശി അർജുൻ കുടുങ്ങിക്കിടക്കുന്നത്. കനത്ത മഴയേ തുടർന്നാണ് നേരത്തേ നിർത്തിവച്ച രക്ഷാപ്രവർത്തനം അൽപം മുന്പ് പുനരാരംഭിച്ചിരുന്നു. എൻഡിആർഎഫും പോലീസും അഗ്നിരക്ഷാസേനയും അടങ്ങുന്ന സംഘമാണ് തിരച്ചിൽ പുനരാരംഭിച്ചത്. കർണാടക മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമെത്തിയ പ്രത്യേക രക്ഷാസംഘവും സ്ഥലത്തെത്തിയിട്ടുണ്ട്.

രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ സംസ്ഥാന സർക്കാരും കോൺഗ്രസ് എംപിമാരും കർണാടക സർക്കാരുമായി ബന്ധപ്പെട്ടു. മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയുമായി വിഷയം സംസാരിച്ചിട്ടുണ്ടെന്ന് ഗതാഗത മന്ത്രി കെ. ബി. ഗണേഷ് കുമാർ അറിയിച്ചു.

കർണാടക ഗതാഗത മന്ത്രിയുമായും സംസാരിച്ചു. ചെറിയ മണ്ണിടിച്ചിൽ അല്ല, വലിയ മണ്ണിടിച്ചിൽ ആണ്. വെള്ളത്തിനിടയിൽ ആണെങ്കിൽ ജിപിഎസ് കിട്ടില്ല. ലോറി മണ്ണിനടയിൽ ആകാനാണ് സാധ്യതയെന്നും ഗണേഷ് കുമാർ കൂട്ടിച്ചേർത്തു.

അർജുനെ കണ്ടെത്താൻ അടിയന്തര നടപടി ആവശ്യപ്പെട്ട് കർണാടക ഉപമുഖ്യമന്ത്രി ഡി. കെ. ശിവകുമാറിനെ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ഫോണിൽ വിളിച്ചു. രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും ശിവകുമാർ ഉറപ്പു നൽകി.

അർജുൻ അകപ്പെട്ട ലോറി ഗംഗാവാലി പുഴയിൽ വീണിരിക്കാനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. പുഴ കവിഞ്ഞൊഴുകുന്ന സാഹചര്യത്തിൽ രക്ഷാപ്രവർത്തനത്തിന് നാവികസേനയുടെ സഹായം തേടാനാണ് തീരുമാനം. നാവികസേനയുടെ ഡൈവർമാർ ഹെലികോപ്റ്റർവഴി പുഴയിലിറങ്ങി പരിശോധന നടത്താനാണ് ആലോചിക്കുന്നത്.

റഡാർ എത്തിക്കും

കർണാടകയിലെ ഷിരൂരിൽ ദേശീയപാതയിലുണ്ടായ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനും മറ്റുള്ളർക്കും വേണ്ടിയുള്ള ഇന്നത്തെ തിരച്ചിൽ നിർത്തി. വെള്ളിയാഴ്ച രാത്രി ഒൻപത് മണിക്ക് തിരച്ചിൽ നിർത്തിവച്ചുവെന്ന് ജില്ലാ കലക്ടർ അറിയിച്ചു. കനത്ത മഴയെ അവഗണിച്ചാണ് തിരച്ചിൽ നടന്നിരുന്നത്. ലൈറ്റുകൾ അടക്കം സജ്ജമാക്കിയിരുന്നു. എന്നാൽ മേഖലയിൽ ഇപ്പോൾ മഴ അതിശക്തമായി പെയ്യുകയാണ്. കൂടുതൽ മണ്ണിടിച്ചിലിനു സാധ്യതയുള്ളതിനാലാണ് തിരച്ചിൽ നിർത്തിയത്. ശനിയാഴ്ച അതിരാവിലെ തിരച്ചിൽ പുനരാരംഭിക്കും. പുലർച്ചെ അഞ്ചരയ്ക്ക് തിരച്ചിൽ പുനരാരംഭിക്കുമെന്നാണ് ജില്ലാ ഭരണകൂടം നൽകുന്ന വിവരം. റഡാർ ഉപയോഗിച്ചായിരിക്കും തിരച്ചിൽ നടത്തുക. ബെംഗളുരുവിൽ നിന്ന് റഡാർ ഡിവൈസ് എത്തിക്കും. വളരെ ആഴത്തിലുള്ള വസ്തുക്കൾ വരെ കണ്ടെത്താൻ കഴിയുന്ന റഡാറാണ് കൊണ്ടുവരിക. റഡാർ വഴി കൃത്യം ലോറി കണ്ടെത്താൻ കഴിഞ്ഞാൽ ആ ദിശ നോക്കി മണ്ണെടുപ്പ് നടത്തും. മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് നാവികസേനയും എൻഡിആർഎഫും തിരച്ചിൽ നടത്തിയിരുന്നു. പുഴയിലേക്ക് ലോറി ഒഴുകി പോയിട്ടില്ലെന്ന് സ്ഥിരീകരിച്ചു.

യുഎപിഎ കേസ്: ഒന്നുകിൽ അതിവേഗ വിചാരണ; അല്ലെങ്കിൽ ജാമ്യം നൽകണം: സുപ്രീം കോടതി

ന്യൂഡൽഹി : നിയമപരമായ നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും അതിവേഗ വിചാരണയ്ക്കുള്ള അവകാശം ലംഘിക്കപ്പെട്ടാൽ ഭരണഘടനാ കോടതിക്ക് ജാമ്യം അനുവദിക്കാമെന്നു സുപ്രീം കോടതി പറഞ്ഞു. നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം (യുഎപിഎ) കേസിലെ വിചാരണത്തടവുകാരനു ജാമ്യം അനുവദിച്ചാണു സുപ്രീം കോടതി ഇക്കാര്യം വ്യക്തമാക്കിയത്.

വിചാരണനടപടിയിൽ കാര്യമായ പുരോഗതിയില്ലാതെ 9 വർഷത്തോളം ജയിലിൽ കഴിഞ്ഞ യുഎപിഎ കേസ് പ്രതി ഷെയ്ഖ് ജാവേദ് ഇക്ബാലിനു ജാമ്യം അനുവദിച്ചാണ് ജഡ്ജിമാരായ ജെ.ബി. പർദിവാല, ഉജ്ജൽ ഭുയാൻ എന്നിവരുടെ ബെഞ്ചിന്റെ വിധിന്യായം. അലഹാബാദ് ഹൈക്കോടതി കഴിഞ്ഞവർഷം ജാമ്യാപേക്ഷ തള്ളിയിരുന്നു.

അതിവേഗ വിചാരണ പ്രതിയുടെ നിയമപരമായ അവകാശമാണെന്നും ഭരണഘടനയുടെ 21 ാം വകുപ്പ് ഇക്കാര്യം ഊന്നിപ്പറയുന്നതായും ബെഞ്ച് ചൂണ്ടിക്കാട്ടി. കുറ്റം ഗൗരവമേറിയതാണെങ്കിൽ, വിചാരണ വേഗത്തിലാക്കുന്നതു പ്രോസിക്യൂഷനാണ് ഉറപ്പാക്കേണ്ടത്. വിചാരണ നീണ്ടാൽ, ജാമ്യത്തെ എതിർക്കാൻ പ്രോസിക്യൂഷന് അനുമതിയില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

സ്വർണവില വീണ്ടും താഴേക്ക്; പവന് കുറഞ്ഞത് 360 രൂപ

കൊച്ചി: സംസ്ഥാനത്ത് തുടർച്ചയായ രണ്ടാംദിവസവും സ്വർണവില താഴേക്ക്. പവന് 360 രൂപയും ഗ്രാമിന് 45 രൂപയുമാണ് കുറഞ്ഞത്. ഇതോടെ ഒരു പവൻ സ്വർണത്തിന് 54,520 രൂപയിലും ഗ്രാമിന് 6,815 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

വ്യാഴാഴ്ച പവന് 120 രൂപ കുറഞ്ഞിരുന്നു. രണ്ടു ദിവസം കൊണ്ട് പവന് 480 രൂപയുടെ ഇടിവാണ് രേഖപ്പെടുത്തിയത്. തുടർച്ചയായ രണ്ടുദിവസത്തെ കുതിപ്പിനു ശേഷമാണ് വ്യാഴാഴ്ച സ്വർണവില താഴേക്കുപോയത്. ചൊവ്വാഴ്ച പവന് 280 രൂപയും ബുധനാഴ്ച 720 രൂപയും വർധിച്ചിരുന്നു. ഈ മാസത്തെ ഏറ്റവും ഉയർന്ന നിലവാരത്തിലായിരുന്ന സ്വർണവില പുതിയ സർവകാല റിക്കാർഡിൽ നിന്ന് പവന് 120 രൂപ മാത്രം അകലെ നില്ക്കെയാണ് വ്യാഴാഴ്ച കുറഞ്ഞത്.

മേയ് 20ന് 55,120 രൂപയായി ഉയർന്ന് സ്വർണവില പുതിയ റിക്കാർഡ് കുറിച്ചിരുന്നു. തുടർന്ന് നാലുദിവസത്തിനിടെ പവന് രണ്ടായിരം രൂപ കുറഞ്ഞശേഷം ഏറിയും കുറഞ്ഞും നിന്ന സ്വർണവില പിന്നീട് കഴിഞ്ഞ മാസം ഒറ്റയടിക്ക് 1,500 രൂപ കുറഞ്ഞ് 52,500 നിലവാരത്തിലേക്ക് എത്തുകയും പിന്നീട് വീണ്ടും 53,000 രൂപ കടക്കുകയുമായിരുന്നു.

പവന് 53,000 രൂപ എന്ന നിരക്കിലാണ് ഈമാസം ആദ്യം സംസ്ഥാനത്ത് സ്വർണവ്യാപാരം നടന്നത്. ആറിന് 54,120 രൂപയിലെത്തിയ സ്വർണം മാസത്തിലെ ഏറ്റവും ഉയർന്ന വിലയായിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ ഏറിയും കുറഞ്ഞും നിന്ന സ്വർണവില പത്തിന് 53,680 രൂപയിലേക്കെത്തി. തുടർന്നാണ് 12ന് വീണ്ടും 54,000 കടന്നത്.

ഓഹരി വിപണിയിലെയും അന്താരാഷ്ട്ര വിപണിയിലെയും ചലനങ്ങളാണ് സ്വർണവിലയിൽ പ്രതിഫലിക്കുന്നത്. ബുധനാഴ്ച ഔൺസിന് 2,483 ഡോളറെന്ന സർവകാല റിക്കാർഡ് രേഖപ്പെടുത്തിയ രാജ്യാന്തര സ്വർണവില പിന്നീട് ഇടിയുന്നതാണ് കണ്ടത്. സ്വർണം ഔൺസിന് 2,428.92 ഡോളറിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

ടി. പി കേസ് പ്രതികളുടെ ശിക്ഷാ ഇളവ്; കത്ത് പുറത്തായതിൽ അന്വേഷണത്തിന് ഉത്തരവിട്ട് ആഭ്യന്തരവകുപ്പ്

തിരുവനന്തപുരം: ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകാൻ ശിപാർശ ചെയ്ത കത്ത് മാധ്യമങ്ങൾക്ക് കിട്ടിയതിൽ അന്വേഷണത്തിന് ഉത്തരവിട്ട് ആഭ്യന്തരവകുപ്പ്. കത്ത് പുറത്തായതിൽ അന്വേഷണം നടത്താൻ പോലീസിനും ജയിൽ വകുപ്പിനും നിർദേശം നൽകി.

ജയിൽ വകുപ്പിൽ നിന്നാണോ കത്ത് ചോർന്നതെന്ന് ജയിൽ വകുപ്പ് ഡിഐജിയും പോലീസിൽ നിന്നാണോ കത്ത് ചോർന്നതെന്ന് കണ്ണൂർ ഡിഐജിയും അന്വേഷിക്കും. ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് ഇരുവർക്കും നിർദേശം ലഭിച്ചിരിക്കുന്നത്.

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ശിക്ഷാ ഇളവിനായി കഴിഞ്ഞവർഷം തയാറാക്കിയ പട്ടികയിലാണ് ടി. പി. കേസ് പ്രതികളുടെ പേര് ഉൾപ്പെട്ടിരുന്നത്. പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകാൻ ജയിൽ സുപ്രണ്ട് പോലീസ് കമ്മീഷണർക്ക് കത്ത് നൽകിയിരുന്നു. ഈ കത്താണ് പുറത്തുവന്നത്.

സംഭവം വിവാദമായതോടെ ശിക്ഷാ ഇളവ് നൽകാൻ ശിപാ!ർശ ചെയ്ത ജയിൽ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ മുഖ്യമന്ത്രി ഉത്തരവിറക്കിയിരുന്നു.

വിൻഡോസ് പണിമുടക്കി; ബാങ്കുകൾ നിശ്ചലം, വിമാനസർവീസുകൾ തടസപ്പെട്ടു

ന്യൂയോർക്ക്: മൈക്രോസോഫ്റ്റ് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ആഗോള വ്യാപകമായി തകരാറിലായതിനെ തുടർന്ന് ലോകത്ത് പലയിടത്തും ഐടി സംവിധാനങ്ങൾ പ്രവർത്തനരഹിതമായി. ഇതോടെ വിമാന സർവീസുകൾ, ബാങ്കുകൾ, മാധ്യമസ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനം താറുമാറായി.

മൈക്രോസോഫ്റ്റ് വിൻഡോസിലെ സൈബർ സുരക്ഷാ പ്ലാറ്റ്ഫോമായ ക്രൗഡ്സ്ട്രൈക്കാണ് ഇന്ന് രാവിലെയോടെ ലോകമാകെ നിശ്ചലമായത്. ഇന്ത്യ, ഓസ്ട്രേലിയ, ജർമനി, യുഎസ്, യുകെ ഉൾപ്പടെ നിരവധി രാജ്യങ്ങളെ ഈ സൈബർ തകരാർ ബാധിച്ചു.

കമ്പ്യൂട്ടറുകൾ തനിയെ റീസ്റ്റാർട്ട് ചെയ്യുകയും, സാങ്കേതിക പ്രശ്നം ചൂണ്ടിക്കാട്ടുന്ന ബ്ലൂ സ്ക്രീൻ ഓഫ് ഡെത്ത് കാണിക്കുകയും ചെയ്യുന്നുവെന്ന് ലോകവ്യാപകമായി യൂസർമാർ പരാതിപ്പെട്ടു.

യുഎസിലെ പല ഭാഗങ്ങളിലും അടിയന്തര സേവനങ്ങൾ തടസപ്പെട്ടു. അമേരിക്കൻ എയർലൈൻസ്, ഡെൽറ്റ, യുണൈറ്റഡ് എന്നിവയുൾപ്പെടെയുള്ള പ്രധാന യുഎസ് എയർലൈനുകളുടെ പ്രവർത്തനം താറുമാറായി.

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലെ സേവനങ്ങളും തടസപ്പെട്ടിരുന്നു. ഓസ്ട്രേലിയയിൽ ബാങ്കുകൾ, ടെലികോം, മാധ്യമ സ്ഥാപനങ്ങൾ, എയർലൈനുകൾ എന്നിവയെ തകരാർ ബാധിച്ചു. ന്യൂസിലൻഡ് പാർലമെൻറിനെയും തകരാർ ബാധിച്ചതായി റിപ്പോർട്ടുകളുണ്ട്. ജർമനിയിലെ ബെർലിൻ വിമാനത്താവളത്തിൽ എല്ലാ വിമാനങ്ങളും നിർത്തിവച്ചിരിക്കുകയാണ്.

ഇന്ത്യയിലും വിൻഡോസ് ഉപയോക്താക്കൾ സങ്കീർണമായ പ്രശ്നം നേരിടുകയാണ്. വിമാനത്താവളങ്ങളിൽ ഉടനീളം പ്രവർത്തനങ്ങൾ താളം തെറ്റി. ഇൻഡിഗോ, ആകാശ് എയർ ലൈൻസ്, സ്പൈസ് ജെറ്റ് എന്നിവയുൾപ്പെടെ നിരവധി എയർലൈനുകളുടെ ബുക്കിംഗും ചെക്ക്ഇൻ, ബോർഡിംഗ് പാസ് സേവനങ്ങളും തടസപ്പെട്ടു.

സേവനങ്ങൾ തടസപ്പെട്ടതോടെ തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ തുടരുകയാണെന്ന് മൈക്രോസോഫ്റ്റ് അറിയിച്ചിട്ടുണ്ട്.

നാല് ആഴ്ചയ്ക്കുള്ളിൽ ഹെൽത്ത് കാർഡ് എടുത്തില്ലെങ്കിൽ കർശന നടപടി: മന്ത്രി വീണാ ജോർജ്

***കഴിഞ്ഞ ഒന്നര മാസത്തിനിടെ നടത്തിയത് 7,584 പരിശോധനകൾ**

സംസ്ഥാനത്ത് ഭക്ഷ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ നാലാഴ്ചയ്ക്കുള്ളിൽ ഹെൽത്ത് കാർഡ് എടുത്തില്ലെങ്കിൽ ഭക്ഷ്യ സുരക്ഷാവകുപ്പ് കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് ഭക്ഷ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ചില ജീവനക്കാർക്ക് ഹെൽത്ത് കാർഡില്ലെന്നും ചിലർ പുതുക്കിയിട്ടില്ലെന്നും കണ്ടെത്തി. പുതുതായി ജോലിയ്ക്കെത്തിയവർക്ക് ഹെൽത്ത് കാർഡ് എടുക്കാനും കാലാവധി കഴിഞ്ഞവർക്ക് പുതുക്കാനുമുള്ള സാവകാശമാണ് നൽകുന്നത്. കാരുണ്യ ഫാർമസികൾ വഴി വളരെ കുറഞ്ഞ നിരക്കിൽ ടൈഫോയ്ഡ് വാക്സിൻ ലഭ്യമാക്കിയിരുന്നു. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങി എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളും ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ പരിശോധനകൾ ശക്തമായി നടന്നു വരുന്നു. കഴിഞ്ഞ ജൂൺ മാസത്തിലും ഈ മാസം ഇതുവരെയുമായി ആകെ 7,584 പരിശോധനകളാണ് നടത്തിയത്. 206 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 28,42,250 രൂപ പിഴയായി ഈടാക്കി. 1065 സ്റ്റാറ്റിയൂട്ടറി സാമ്പിളുകളും 3798 സർവൈലൻസ് സാമ്പിളുകളും ശേഖരിച്ചു. 741 സ്ഥാപനങ്ങൾക്ക് റെക്കിഫിക്കേഷൻ നോട്ടീസും 720 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകി. 54 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളും 90 സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചു.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സ്ഥിരം പരിശോധനകൾ കൂടാതെ പ്രത്യേക ഡ്രൈവുകളും സംഘടിപ്പിച്ചു. ഷവർമ പ്രത്യേക സ്ക്വാഡ് 512 പരിശോധനകൾ നടത്തി. അതിൽ 52 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. ഓപ്പറേഷൻ മൺസൂണിന്റെ ഭാഗമായി 1993 പരിശോധനകൾ നടത്തി. 90 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായി 2645 പരിശോധനകൾ നടത്തുകയും 107 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും ചെയ്തു. മത്സ്യത്തിന്റെ സുരക്ഷിതത്വം ഉറപ്പ് വരുത്താനായി നടത്തിയ പ്രത്യേക ഡ്രൈവിൽ 583 പരിശോധനകൾ നടത്തി. 498 കിലോഗ്രാം കേടായ മത്സ്യം നശിപ്പിച്ച് നടപടി സ്വീകരിച്ചു.

രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി മികവിൻെറ കേന്ദ്രം:കേന്ദ്രമന്ത്രി സുരേഷ് ഗോപി

തിരുവനന്തപുരം: ജീവൻ രക്ഷിക്കുന്ന യഥാർത്ഥ ചികിത്സാ രീതികൾക്കും കണ്ടുപിടുത്തങ്ങൾക്കും നേതൃത്വം നൽകുന്ന മികവിൻറെ കേന്ദ്രമാണ് രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയെന്ന് (ആർജിസിബി) കേന്ദ്രമന്ത്രി സുരേഷ് ഗോപി. മെഡിക്കൽ രംഗത്തെ സംബന്ധിക്കുന്ന ശാസ്ത്രീയമായ വിപുല സാധ്യതകൾ ഇവിടെയുണ്ടെന്ന വസ്തുത പലർക്കും അറിയില്ല. കാര്യക്ഷമമായി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഇവിടെ നിന്നുള്ള നിർദേശങ്ങൾ ബന്ധപ്പെട്ട വകുപ്പിലെ കേന്ദ്ര മന്ത്രിയെ അറിയിക്കും. ശാസ്ത്രസംബന്ധിയായ നവീന കണ്ടുപിടുത്തങ്ങൾ ഫലപ്രദമാക്കുന്നതിന് തനിക്ക് സാധ്യമായ എല്ലാ കാര്യങ്ങളും പ്രയോജനപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയുടെ ആക്കുളം കാമ്പസ് സന്ദർശിക്കാനെത്തിയ കേന്ദ്രമന്ത്രി സുരേഷ് ഗോപി വൃക്ഷത്തൈ നടുന്നു. ആർജിസിബി ഡയറക്ടർ പ്രൊഫ ചന്ദ്രഭാസ് നാരായണ, ചീഫ് കൺട്രോളർ എസ്. മോഹനൻ നായർ എന്നിവർ സമീപം.

തലസ്ഥാനത്തെ ആക്കുളത്ത് ആർജിസിബി പുതിയതായി നിർമ്മിച്ച ക്യാമ്പസ് സന്ദർശിച്ച അദ്ദേഹം ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണയുമായി കൂടിക്കാഴ്ച നടത്തി. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി 100 മുതൽ 150 വരെ കിടക്കകളുള്ള റഫറൽ ആശുപത്രി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നത് സംബന്ധിച്ചും അതിനായി 500 കോടിയുടെ പദ്ധതിയാണ് ആലോചിക്കുന്നതെന്നും പ്രൊഫ. ചന്ദ്രഭാസ് കേന്ദ്രമന്ത്രിയെ അറിയിച്ചു. നീണ്ടസമയം കാത്തുനിൽക്കാതെ വേഗത്തിൽ ചികിത്സ ലഭ്യമാക്കുന്ന ഈ പദ്ധതിക്കായി കേന്ദ്ര ധനവകുപ്പിൻറെ സഹായം ലഭ്യമാക്കുമെന്ന് മന്ത്രി ഉറപ്പു നൽകിയതായി ഡയറക്ടർ പറഞ്ഞു.

ആദിവാസി വിഭാഗങ്ങൾ നേരിടുന്ന ജനിതക രോഗങ്ങളെ പറ്റിയും വിവിധങ്ങളായ അസുഖങ്ങളെയും പറ്റി അന്വേഷിച്ച സുരേഷ് ഗോപി ഗോത്രവിഭാഗങ്ങൾ നേരിടുന്ന പൊതുവായ ആരോഗ്യപ്രശ്നങ്ങളുടെ സമഗ്ര വിവരങ്ങൾ ലഭ്യമാക്കാനും നിർദേശിച്ചു. മെഡിക്കൽ ടൂറിസം, നവീകരണ പ്രവർത്തനങ്ങളുടെ അടുത്ത ഘട്ടങ്ങൾ എന്നിവയെ പറ്റി സംസാരിച്ച അദ്ദേഹം ആർജിസിബിയിലെ ലാബുകളിൽ സന്ദർശനം നടത്തി. ക്യാമ്പസ് പരിസരം ഹരിതാഭമാക്കണം എന്നാവശ്യപ്പെട്ട കേന്ദ്രമന്ത്രി കസ്തൂർബാ എന്ന പേരിൽ ഒരു വൃക്ഷത്തൈ നട്ട് പ്രാരംഭ നടപടികൾക്ക് തുടക്കം കുറിച്ചു. അര മണിക്കൂറുള്ള സന്ദർശനമാണ് താൻ ഉദ്ദേശിച്ചിരുന്നതെങ്കിലും ഇവിടെയുള്ള മെഡിക്കൽ ശാസ്ത്ര സംബന്ധിയായ വിശദാംശങ്ങൾ കേട്ട് രണ്ട് മണിക്കൂറോളം ഇരുന്നതായും അദ്ദേഹം പറഞ്ഞു.

ആർജിസിബി കേന്ദ്രീകരിച്ച് ദക്ഷിണേന്ത്യയിൽ ബയോടെക്നോളജി ഹബ്ബ് തുടങ്ങുന്നതിനെ പറ്റി കേന്ദ്രമന്ത്രിയെ അറിയിച്ചതായി പ്രൊഫ. ചന്ദ്രഭാസ് നാരായണ പറഞ്ഞു. കേരള സമൂഹത്തിന് നിസ്തുല സേവനമാണ് തങ്ങൾ നടത്തുന്നത്. പരിശോധനയ്ക്ക് എത്തുന്ന സ്രവങ്ങളുടെ ഫലങ്ങൾ നാല് മണിക്കൂറിനകം എസ്എംഎസ് ആയും മെയിൽ വഴിയും തങ്ങൾ ലഭ്യമാക്കുന്നുണ്ട്. സസ്യങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്നും ഭക്ഷണം പോലുള്ള മറ്റ് വസ്തുക്കളിൽ നിന്നുമെല്ലാം മനുഷ്യശരീരത്തിലെത്തുന്ന രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും പകർച്ചവ്യാധികളുടെ വകഭേദങ്ങൾ നിർണയിക്കുന്നതിനുമെല്ലാമുള്ള സംവിധാനങ്ങൾ തങ്ങൾക്കുള്ളതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗവർണർക്ക് തിരിച്ചടി; സേർച്ച് കമ്മിറ്റി രൂപീകരണത്തിന് ഹൈക്കോടതി സ്റ്റേ

തിരുവനന്തപുരം: സർവകലാശാലകളിലെ വിസി നിയമനത്തിനായുള്ള സെർച്ച് കമ്മിറ്റി രൂപീകരണത്തിൽ ഗവർണർക്ക് തിരിച്ചടി. കേരള, എംജി, മലയാളം സർവകലാശാലകളിലെ സെർച്ച് കമ്മിറ്റി നടപടികളാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്.

ചാൻസലറുടെ ഉത്തരവിന് ഒരു മാസത്തേക്ക് ഹൈക്കോടതി വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടെ നാല് സർവകലാശാലകളിലെ സെർച്ച് കമ്മിറ്റി രൂപീകരണത്തിനാണ് സ്റ്റേ ഉത്തരവ് വന്നിരിക്കുന്നത്. ആറ് സർവകലാശാലകളിലെ വിസി നിയമനത്തിനായാണ് ഗവർണർ സേർച്ച് കമ്മറ്റി രൂപീകരിച്ചത്.

സേർച്ച് കമ്മിറ്റി രൂപീകരണത്തിന് എതിരായ സർക്കാരിന്റെ ഹർജിയിലാണ് ഹൈക്കോടതി നടപടി. സർവകലാശാല പ്രതിനിധികൾ ഇല്ലാതെ യുജിസിയുടെയും ചാൻസലറുടെയും പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി സേർച്ച് കമ്മിറ്റി രൂപീകരിച്ചതിനെതിരെയാണ് സർക്കാർ ഹർജി നൽകിയത്.

അക്ഷയ സംരംഭകർക്കുള്ള ഓൺലൈൻ പരീക്ഷ ഓഗസ്റ്റ് ഒന്നിന്

സംസ്ഥാന ഐ.ടി. മിഷന്റെ വിവരസാങ്കേതികവിദ്യാ സംരംഭമായ അക്ഷയ പദ്ധതിയിൽ ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതും, ഒഴിവു വന്നതുമായ ലൊക്കേഷനുകളിൽ പട്ടികജാതി വിഭാഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്ന 7 അക്ഷയ ലൊക്കേഷനുകളിലേക്കും ജനറൽ വിഭാഗക്കാർക്കുള്ള 13 അക്ഷയ ലൊക്കേഷനുകളിലേക്കും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനായുള്ള ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരിൽ നിയമാനുസൃതം തിരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർക്കായുള്ള ഓൺലൈൻ പരീക്ഷ 2024 ആഗസ്റ്റ് 01ന് കെൽട്രോണിന്റെ വഴുതയ്ക്കാട് പ്രവർത്തിക്കുന്ന നോളജ് സെൻററിൽ വച്ച് നടക്കും. പരീക്ഷാ വിവരങ്ങൾ അപേക്ഷകർ നൽകിയിട്ടുള്ള ഇമെയിലിൽ അറിയിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ (ഫോൺ : 04712334070, 2334080) ബന്ധപ്പെടാവുന്നതാണ്.

ഒഴിവുള്ള പട്ടികജാതി സംവരണ ലൊക്കേഷനുകൾ: 1. അണ്ടൂർകോണം ഗ്രാമപഞ്ചായത്തിലെ പള്ളിച്ചവീട്, 2. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ചെറുന്നിയൂർ, 3. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കട്ടിംഗ്, 4. കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കാനക്കോട് ജംഗ്ഷൻ, 5. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ കൊടിപ്പുറം ജംഗ്ഷൻ, 6. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ മുക്കോലക്കൽ ജംഗ്ഷൻ, 7. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ അമരവിള

ജനറൽ വിഭാഗം ലൊക്കേഷനുകൾ: 1. വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ നെല്ലിവിള, 2. അഴൂർ ഗ്രാമപഞ്ചായത്തിലെ പെരുങ്ങുഴി ജം., 3. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മണ്ണാത്തിമൂല, 4. വെമ്പായം ഗ്രാമപഞ്ചായത്തിലെ വെട്ടുപാറ ലൊക്കേഷൻ, 5. വെമ്പായം ഗ്രാമപഞ്ചായത്തിലെ വഴക്കാട്, 6. കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കാക്കാമൂല, 7. വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ പുളിയറക്കോണം, 8. ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ ആര്യൻകോട്, 9. ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ കുറ്റിയായണിക്കാട്, 10. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നാൽപ്പറക്കുഴി, 11. കല്ലറ ഗ്രാമപഞ്ചായത്തിലെ കൊടിതൂക്കിയകുന്ന് ജം., 12. കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ പേഴുംമൂട്, 13. പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാപ്പിക്കാട്.

മകൾക്ക് നീതി കിട്ടണം, അമിറുളിന് വധശിക്ഷ നൽകണം': പെരുമ്പാവൂരിലെ നിയമവിദ്യാർഥിനിയുടെ അമ്മ

കൊച്ചി: പെരുമ്പാവൂരിലെ നിയമ വിദ്യാർഥിനിയെ ക്രൂരമായി കൊലപ്പെടുത്തിയ കേസിലെ പ്രതി അമീറുൾ ഇസ്ലാമിന്റെ വധശിക്ഷ സ്റ്റേ ചെയ്ത സുപ്രീംകോടതി നടപടി അംഗീകരിക്കാനാകില്ലെന്ന് ഇരയുടെ അമ്മ. കൃത്യമായ അന്വേഷണം നടത്തിയിട്ടല്ലേ പ്രതിയെ പിടിച്ചത്. അതിനാൽ ഇനി പഠനം നടത്തുന്നത് എന്തിനാണ്. തന്റെ മകൾക്ക് നീതി കിട്ടണമെന്നും അതിന് പ്രതിക്ക് വധശിക്ഷ തന്നെ നൽകണമെന്നും ഇരയുടെ അമ്മ പറഞ്ഞു.

നിയമ വിദ്യാർഥിനിയെ ക്രൂരമായി കൊലപ്പെടുത്തിയ കേസിലെ പ്രതി അമീറുൾ ഇസ്ലാമിന്റെ വധശിക്ഷ ഇന്നലെയാണ് സുപ്രീം കോടതി സ്റ്റേ ചെയ്തത്. പ്രതിക്ക് വിചാരണക്കോടതി വിധിച്ച വധശിക്ഷ ഹൈക്കോടതി ശരിവച്ചതിനെതിരെയാണ് പ്രതി സുപ്രീം കോടതിയെ സമീപിച്ചത്. ഹർജി പരിഗണിച്ച ജസ്റ്റിസുമാരായ ബി. ആർ ഗവായ്, സഞ്ജയ് കരോൾ, കെ. വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് വധശിക്ഷ സ്റ്റേ ചെയ്തത്.

പ്രതിയുടെ മാനസിക നില സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കോടതി തൃശൂർ മെഡിക്കൽ കോളജിനോട് നിർദേശിച്ചു. കൂടാതെ പ്രതിയുടെ ജയിലിലെ പെരുമാറ്റം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ വിയൂർ ജയിൽ അധികൃതരോടും കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഹർജിയിൽ സംസ്ഥാന സർക്കാരിന് കോടതി നോട്ടീസ് അയച്ചു.

2016 ഏപ്രിൽ 28 നായിരുന്നു നിയമവിദ്യാർഥിനി ക്രൂരമായി കൊല്ലപ്പെട്ടത്. ആഴ്ചകൾ നീണ്ട അന്വേഷണത്തിനൊടുവിൽ 2016 ജൂൺ 16നാണ് ആസാം സ്വദേശിയായ അമീറുൾ ഇസ്ലാം പിടിയിലാകുന്നത്.

കെ റെയിലിന് ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിച്ചു

തിരുവനന്തപുരം: കേരള റെയിൽ ഡെവലപ്മെൻറ് കോർപറേഷന് ലിമിറ്റഡിന് (കെ റെയിൽ) ഇൻറർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷന്റെ (ഐഎസ്ഒ 9001 2015) സർട്ടിഫിക്കേഷൻ ലഭിച്ചു. സോഷ്യൽമീഡിയയിലൂടെ കെ റെയിൽ തന്നെയാണ് ഇക്കാര്യം അറിയിച്ചത്. ഗുണനിലവാര സർട്ടിഫിക്കേഷനാണ് ഐഎസ്ഒ. സംസ്ഥാന സർക്കാരിന്റെയും ഇന്ത്യൻ റെയിൽവേ മന്ത്രാലയത്തിന്റെയും സംയുക്ത സംരഭമാണ് കെ റെയിൽ.

റെയിൽവേ വികസനം, പുനർവികസനം, നടത്തിപ്പ്, പരിപാലനം, പദ്ധതികളുടെ സാധ്യതാ പഠന റിപ്പോർട്ട്, വിശദമായ രൂപരേഖ തയാറാക്കൽ, പ്രൊജക്റ്റ് മാനേജ്മെൻറ് കൺസൽട്ടൻസി, എഞ്ചിനീയറിംഗ് കൺസൽട്ടൻസി എന്നിവയാണ് കെറെയിലിന്റെ പ്രധാന സേവനങ്ങൾ.

രണ്ട് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

ആകെ 176 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്

സംസ്ഥാനത്തെ രണ്ട് ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. കൊല്ലം കരവാളൂർ കുടുംബാരോഗ്യ കേന്ദ്രം 91 ശതമാനം സ്കോറോടെ അംഗീകാരവും, തൃശൂർ ദേശമംഗലം കുടുംബാരോഗ്യ കേന്ദ്രം 91.48 ശതമാനം സ്കോറോടെ പുന:അംഗീകാരവും നേടിയെടുത്തു. കൂടുതൽ ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

ഇതോടെ സംസ്ഥാനത്തെ 176 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 77 ആശുപത്രികൾ പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെൻറർ, 117 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പി.എച്ച്.സി.കൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രി വികസനത്തിന് ഇതേറെ സഹായിക്കും.

താത്പര്യപത്രം ക്ഷണിച്ചു

ബൗദ്ധിക മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ പുനരധിവാസ ഗ്രാമം സൃഷ്ടിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിനായി താത്പര്യപത്രം ക്ഷണിച്ചു. കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ കായില എന്ന സ്ഥലത്ത് 'പ്രിയാ ഹോം (സ്ത്രീകൾ)' എന്ന ക്ഷേമസ്ഥാപനത്തിന്റെ കെട്ടിടം നിലനിർത്തിക്കൊണ്ട് ഒരു പുനരധിവാസ ഗ്രാമം നിർമ്മിക്കുന്ന പദ്ധതിയാണിത്. താമസക്കാരുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, രക്ഷകർത്താക്കൾക്കുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഇതിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളിൽ നിന്നുമാണ് താൽപര്യപത്രം ക്ഷണിച്ചിരിക്കുന്നത്. താൽപര്യമുള്ളവർ ജൂലൈ 31 ന് വൈകിട്ട് 5 ന് മുമ്പ് സാമൂഹ്യനീതി ഡയറക്ടർ മുമ്പാകെ സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ പ്രൊപ്പോസൽ സമർപ്പിക്കണം. പ്രൊപ്പോസലിന്റെ ഒരു പകർപ്പ് ഇ മെയിൽ മുഖേന sjdpwdcell@gmail.com എന്ന വിലാസത്തിലും ലഭ്യമാക്കണം. Expression of Interest Document, സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ (www.sjd.kerala.gov.in) ലഭ്യമാണ്.

തദ്ദേശസ്ഥാപന ഉപതിരഞ്ഞെടുപ്പ് : മഷി പുരട്ടുന്നത് വോട്ടറുടെ ഇടതു നടുവിരലിൽ

ജൂലൈ 30 ന് നടക്കുന്ന തദ്ദേശസ്ഥാപന ഉപതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നവരുടെ ഇടത് കൈയ്യിലെ നടുവിരലിലാണ് മായാത്ത മഷി പുരട്ടേണ്ടതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

2024 ഏപ്രിലിൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം വിനിയോഗിച്ച വോട്ടർമാരുടെ ഇടതു കൈയ്യിലെ ചൂണ്ട് വിരലിൽ പുരട്ടിയ മഷി അടയാളം പൂർണമായും മാഞ്ഞുപോയിട്ടില്ലാത്തതിനാലാണീ തീരുമാനം. ഈ നിർദ്ദേശം ജൂലൈ 30ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിനു വേണ്ടി മാത്രമുള്ളതായിരിക്കും. സംസ്ഥാനത്തെ 49 തദ്ദേശസ്ഥാപന വാർഡുകളിലേയ്ക്കാണ് ജൂലൈ 30 ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

തിരഞ്ഞെടുപ്പ് ചട്ടങ്ങളിലെ ആൾമാറാട്ടത്തിനെതിരെയുള്ള മുൻകരുതൽ വ്യവസ്ഥ പ്രകാരം സമ്മതിദായകന്റെ നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യമായാൽ, ഇടതു കൈയ്യിലെ ചൂണ്ടുവിരൽ പ്രിസൈഡിംഗ് ഓഫീസറോ പോളിംഗ് ഓഫീസറോ പരിശോധിച്ച് അതിൽ മായാത്ത മഷി പുരട്ടേണ്ടതുണ്ട്. വോട്ടറുടെ ഇടതുചൂണ്ടുവിരലിൽ അത്തരത്തിലുള്ള മഷിയടയാളം നേരത്തേ ഉണ്ടെങ്കിൽ വോട്ട് ചെയ്യാനാകില്ല. ആയതിനാലാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇത്തരത്തിൽ നിർദ്ദേശം പുറപ്പെടുവിച്ചത്.

ഡിപ്ലോമ കോഴ്സുകളിൽ അഡ്മിഷൻ

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐയിൽ ഐ.എം.സിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി യോഗ്യതകൾ ഉള്ളവർക്ക് തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടു കൂടിയ എയർപോർട്ട് മാനേജ്മെൻറ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഇന്റർനാഷണൽ ഡിപ്ലോമ ഇൻ എയർ കാർഗോ ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക് മാനേജ്മെന്റ് എന്നീ ഡിപ്ലോമ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 9074874208.

അന്താരാഷ്ട്ര ചാന്ദ്രദിനാഘോഷം

മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയതിന്റെ 55ാം വാർഷിക ദിനത്തിൽ ജൂലൈ 20ന് പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കുമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ശാസ്ത്ര ക്ലാസുകളും പ്രദർശനങ്ങളും വാനനിരീക്ഷണവും സംഘടിപ്പിക്കുന്നു.

രാവിലെ 10 മുതൽ 12.30 വരെ 'മൂൺ ആൻഡ് മിഷൻ ടു മൂൺ' എന്ന വിഷയത്തിൽ വി.എസ്.എസ്.സി, ടി.ഡി.എം.ജി ഗ്രൂപ്പ് ഡയറക്ടർ ഷീജു ചന്ദ്രൻ പ്രഭാഷണം നടത്തും. കെ.എസ്.എസ്.ടി.എം സെമിനാർ ഹാളിലാണ് പരിപാടി നടക്കുന്നത്. വൈകിട്ട് 5.30 മുതൽ 'മൂൺ ഫാക്ട്സ് ആൻഡ് മിത്ത്സ്' സംവാദവും ടീട സൗജന്യ പ്രദർശനവും നടക്കും. വൈകിട്ട് 6.30 മുതൽ സൗജന്യ പ്ലാനറ്റേറിയം പ്രദർശനവും (ബാക് ടു മൂൺ) തുടർന്ന് വാന നിരീക്ഷണവും സംഘടിപ്പിക്കും. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ www.kstmuseum.com ൽ ലഭ്യമാണ്.

അപേക്ഷ ക്ഷണിച്ചു

വ്യാവസായിക പരിശീലന വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി സെല്ലിൽ കരാർ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്ക് നിശ്ചിത യോഗ്യത ഉള്ള ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. വിശദ വിവരങ്ങൾ https://det.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവ സഹിതം ട്രെയിനിങ് ഡയറക്ടറേറ്റ്, അഞ്ചാം നില, തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ ജൂലൈ 25ന് രാവിലെ 11 മണിക്ക് മുമ്പാകെ അഭിമുഖ പരീക്ഷയ്ക്കായി നേരിൽ ഹാജരാകേണ്ടതാണ്.

ഡീലിമിറ്റേഷൻ കമ്മീഷൻ ആദ്യയോഗം ചേർന്നു

തദ്ദേശസ്വയംഭരണ വാർഡ് വിഭജനത്തിനായി സർക്കാർ രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ ആദ്യ യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ ചേർന്നു. കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അദ്ധ്യക്ഷത വഹിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ/ വാർഡുകളുടെ പുനർവിഭജനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളുടെ കരട് യോഗം ചർച്ച ചെയ്തു.

ഡീലിമിറ്റേഷൻ കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കും. കമ്മീഷൻ ഓഫീസ് കെട്ടിടം, ഓഫീസിന് ആവശ്യമായ ജീവനക്കാർ, ഫണ്ട്, മറ്റ് ഓഫീസ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു. പുനർവിഭജനത്തിന് വേണ്ടിയുള്ള വാർഡ് മാപ്പിംഗിന് ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ച ക്യൂ ഫീൽഡ് എന്ന ആപ്ലിക്കേഷൻ പ്രയോജനപ്പെടുത്താനും യോഗം തീരുമാനിച്ചു.

കമ്മീഷൻ അംഗങ്ങളായ ഐ.ടി, പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഡോ.രത്തൻ യു. ഖേൽക്കർ, പൊതുമരാമത്ത്, വിനോദസഞ്ചാരവകുപ്പ് സെക്രട്ടറി കെ.ബിജു, ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ, തൊഴിൽ നൈപുണ്യ, ഗതാഗത വകുപ്പ് സെക്രട്ടറി ഡോ. കെ.വാസുകി , കമ്മീഷൻ സെക്രട്ടറി എസ്.ജോസ്നമോൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട്

സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റിന് പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തും. അപേക്ഷാ ഫോറവും പ്രോസ്പെകുസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ നം: 0471 257047, 9846033001. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേ അവസാന തീയതി 2024 ജൂലൈ 31.

മാലിന്യം ഒഴുക്കൽ: തിരുവനന്തപുരം ദുരന്തം കൊച്ചിക്കും പാഠം

കൊച്ചി: തിരുവനന്തപുരത്ത് കനാൽ വൃത്തിയാക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട് മാലിന്യ നിർമാർജന തൊഴിലാളി മുങ്ങിമരിക്കാനിടയായ സംഭവത്തിന് പിന്നാലെ കൊച്ചിയിലെ കനാലുകളുടെ ദുരവസ്ഥയും ചർച്ചയാകുന്നു. മാലിന്യക്കൂമ്പാരങ്ങളുടെ കേന്ദ്രമായി മാറിയ മുല്ലശേരി കനാൽ ഉൾപ്പെടെ കൊച്ചിയിലെ പ്രധാന കനാലുകളെല്ലാം നൽകുന്നത് തിരുവനന്തപുരത്തിന് സമാനമായ അപകട സൂചനകളാണ്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ കുമിഞ്ഞുകൂടി കിടക്കുന്ന കനാലുകളുടെ ശുചീകരണം ശാസ്ത്രീയമായ രീതിയിൽ ഉടൻ നടപ്പാക്കിയില്ലെങ്കിൽ മറ്റൊരു ദുരന്തത്തിന് കൊച്ചിയും സാക്ഷ്യം വഹിക്കേണ്ടിവരുമെന്ന മുന്നറിയിപ്പാണ് കേരള ഹൈക്കോടതി ഉൾപ്പെടെ നൽകുന്നത്.

കൊച്ചി നഗരത്തിൽ കനാലുകളും തോടുകളുമായി 29 എണ്ണമുണ്ട്. ജലസേചന വകുപ്പ് മുൻപ് നടത്തിയ പഠനത്തിൽ ഈ തോടുകളിൽ പലയിടങ്ങളിലും മാലിന്യങ്ങൾ അടിഞ്ഞുകൂടി തടസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. റെയിൽവേ കൽവർട്ടുകളിലാണ് പ്രധാനമായും മാലിന്യം കൂടിക്കിടക്കുന്നത്. തടസങ്ങൾ മൂലം ഒഴുക്ക് നിലച്ചതോടെ മഴ സമയത്ത് വലിയ വെള്ളക്കെട്ടാണ് കെഎസ്ആർടിസി സ്റ്റാൻഡിലുൾപ്പെടെ കനാലുകളുടെ സമീപ പ്രദേശങ്ങളിൽ ഉണ്ടാകുന്നത്.

സൗത്ത് റെയിൽവേ പരിസരം, കെഎസ്ആർടിസി പരിസരം എന്നിവിടങ്ങളിലൂടെ ഒഴുകുന്ന മുല്ലശേരി കനാലിലാണ് ഏറ്റവും കൂടുതൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടി കിടക്കുന്നത്. ജലാശയങ്ങളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തി കോർപറേഷൻ ഇടയ്ക്കിടെ നടത്താറുണ്ടെങ്കിലും മാലിന്യത്തിന് കുറവില്ല. മുല്ലശേരി കനാൽ നവീകരണ പദ്ധതികൾ ഇഴഞ്ഞു നീങ്ങുന്നതും മാലിന്യ പ്രശ്നത്തിനും വെള്ളക്കെട്ടിനും കാരണമാണ്. തേവരപേരണ്ടൂർ കനാൽ, പണ്ടാച്ചിറ തോട്, പള്ളിച്ചാൽ തോട്, വിവേകാനന്ദ തോട്, ഇടപ്പള്ളി തോട് എന്നിവിടങ്ങളിലെല്ലാം മാലിന്യം അടിഞ്ഞുകൂടി കിടക്കുന്നതു മൂലമുള്ള പ്രശ്നങ്ങളുമുണ്ട്. കൈയേറ്റങ്ങളെ തുടർന്ന് തോടിന്റെ വീതി കുറഞ്ഞു വരുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വീതികുറയുന്നതു മൂലം ഒഴുക്കിന് തടസമുണ്ടാകുകയും മാലിന്യങ്ങൾ തട്ടിനിന്ന് കുമിഞ്ഞുകൂടുകയും ചെയ്യുന്നു. സർക്കാരും തദ്ദേശ സ്ഥാപനങ്ങളും റെയിൽവേ സംയുക്തമായുള്ള ആക്ഷൻപ്ലാനിലൂടെ കനാലുകളെ സംരക്ഷിക്കാനുള്ള ശ്രമങ്ങളാണ് ഉണ്ടാകേണ്ടതെന്നാണ് വിവിധ തുറകളിൽ നിന്നുയരുന്ന ആവശ്യം.

ആറാഴ്ച ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം തുടരണം: മന്ത്രി വീണാ ജോർജ്

ആർ.ആർ.ടി. യോഗം ചേർന്ന് സംസ്ഥാനത്തെ പൊതുസ്ഥിതി വിലയിരുത്തി

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ ആറാഴ്ച ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ തുടരണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. തദ്ദേശ സ്ഥാപനതലത്തിൽ ഊർജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ തുടരണം. സംസ്ഥാനത്തെ ആശുപത്രികളിലെ ഐപി, ഐസിയു, വെന്റിലേറ്റർ ഉപയോഗം സാധാരണ പോലെയാണ്. പകർച്ചപ്പനി മൂലം അവയിൽ വർധനവുണ്ടായിട്ടില്ല. ദുരിതാശ്വാസ ക്യാമ്പുകളിൽ നൽകുന്ന വെള്ളം പ്രത്യേകമായി ശ്രദ്ധിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ നൽകാവു. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ഫീൽഡ് സന്ദർശനം ഫലപ്രദമായി നടത്തണമെന്നും മന്ത്രി നിർദേശിച്ചു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർന്ന റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.

മഴക്കാലത്ത് പൊതുവേ ജലദോഷം, ചുമ, വൈറൽ പനി, ഇൻഫ്ലുവൻസ എച്ച്.1 എൻ.1, ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ എന്നിവ കൂടുതലായി കാണാറുണ്ട്. കൃത്യമായ ചികിത്സയിലൂടെയും വിശ്രമത്തിലൂടെയും ഇവയെ പ്രതിരോധിക്കാനാകും. അസുഖമുള്ള കുട്ടികളെ സ്കൂളിൽ അയക്കരുത്. കുട്ടികൾ, മുതിർന്നവർ, ഗർഭിണികൾ, മറ്റ് അനുബന്ധ രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. മാസ്ക്, സാമൂഹിക അകലം, കൈകളുടെ ശുചിത്വം തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗങ്ങളിലൂടെ ഇൻഫ്ലുവൻസ, ജലദോഷം, ചുമ എന്നിവയെ പ്രതിരോധിക്കാനാകും. സ്വയം ചികിത്സ പാടില്ല. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടേണ്ടതാണ്.

പനിയോ വയറിളക്കമോ ഉള്ളവർ ധാരാളം വെള്ളവും പാനീയങ്ങളും കുടിക്കണം. മൂന്ന് ദിവസത്തിലധികം നീണ്ട് നിൽക്കുന്ന പനിയോ അപായ സൂചനകളോ കണ്ടാൽ എന്തായാലും വിദഗ്ധ ചികിത്സ തേടണം. പനിയോട് കൂടി ശ്വാസതടസം, അമിതമായ നെഞ്ചിടിപ്പ്, നെഞ്ച് വേദന, ബോധമില്ലാതെ സംസാരിക്കുക, ബോധക്ഷയം, കഫത്തിൽ രക്തത്തിന്റെ അംശം, അമിതമായ ക്ഷീണം തുടങ്ങിയ അപായ സൂചനകൾ കണ്ടാൽ എത്രയും വേഗം വിദഗ്ധ ചികിത്സ തേടേണ്ടതാണ്.

ഡെങ്കിപ്പനി മുമ്പ് വന്നിട്ടുള്ളവർക്ക് വീണ്ടും ബാധിച്ചാൽ ആരോഗ്യനില സങ്കീർണമാകാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കണം. വീടിനും സ്ഥാപനത്തിനും അകത്തും പുറത്തും വെള്ളം കെട്ടി നിന്ന് കൊതുക് വളരുന്ന സാഹചര്യം തടയണം. കൊതുക് കടിയേൽക്കാതിരിക്കാൻ വ്യക്തിഗത മുൻകരുതലുകൾ സ്വീകരിക്കണം. മണ്ണുമായോ മലിനജലവുമായോ ഇടപെടുന്നവർ എലിപ്പനിക്കെതിരെയുള്ള പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും കഴിക്കേണ്ടതാണ്. വെള്ളത്തിലിറങ്ങുന്ന സന്നദ്ധ പ്രവർത്തകർ ഡോക്സിസൈക്ലിൻ നിർബന്ധമായും കഴിക്കണം.

വയറിളക്ക രോഗങ്ങൾ, കോളറ, ടൈഫോയിഡ്, ഹെപ്പറ്റൈറ്റിസ് എ (മഞ്ഞപ്പിത്തം) മുതലായവ മഴക്കാലത്ത് കൂടുതലായി കാണുന്ന രോഗങ്ങളാണ്. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക. മലമൂത്ര വിസർജ്ജനത്തിന് ശേഷവും ആഹാരം കഴിക്കുന്നതിന് മുമ്പും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. നിർജലീകരണം കാരണമാണ് രോഗം ഗുരുതരമാകുന്നത്. അതിനാൽ ധാരാളം പാനീയങ്ങൾ കുടിക്കണം.

തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ സ്വകാര്യ കെയർ ഹോമിൽ കോളറ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രദേശത്ത് കോളറ പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ഊർജിതമായി നടത്തിവരുന്നു. പുതിയ ക്ലസ്റ്ററുകൾ ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മലപ്പുറത്ത് മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. മലേറിയ ആരംഭത്തിൽ തന്നെ കണ്ടെത്തിയ ആരോഗ്യ പ്രവർത്തകരെ മന്ത്രി അഭിനന്ദിച്ചു. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. ഗർഭിണികൾ, ശിശുക്കൾ, 5 വയസിന് താഴെയുള്ള കുട്ടികൾ, പ്രായമായവർ, മറ്റ് ഗുരുതര രോഗമുള്ളവർ എന്നിവർക്ക് മലമ്പനി ബാധിച്ചാൽ സങ്കീർണമാകാൻ സാധ്യതയുണ്ട്. മലമ്പനിയ്ക്ക് കൃത്യമായ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. രോഗ ലക്ഷണങ്ങൾ കണ്ടാൽ എത്രയും വേഗം ചികിത്സ തേടിയാൽ മലമ്പനി പൂർണമായും ഭേദമാക്കാൻ കഴിയും. കൊതുക് കടിയേൽക്കാതെ സ്വയം സംരക്ഷണമൊരുക്കിയാൽ മലമ്പനിയിൽ നിന്നും രക്ഷ നേടാവുന്നതാണ്.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, സർവൈലൻസ് ഓഫീസർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ട്രംപ് വിജയിച്ചാൽ അദ്ദേഹത്തിനൊപ്പം പ്രവർത്തിക്കുന്നത് ബുദ്ധിമുട്ടാണെന്ന് സെലൻസ്കി

കീവ്: നവംബറിൽ നടക്കുന്ന യുഎസ് തെരഞ്ഞെടുപ്പിൽ ഡോണൾഡ് ട്രംപ് വിജയിച്ചാൽ അദ്ദേഹത്തിനൊപ്പം പ്രവർത്തിക്കുന്നത് തന്റെ രാജ്യത്തിന് ബുദ്ധിമുട്ടാണെന്ന് യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമിർ സെലൻസ്കി. യുക്രെയ്നിക്കാർ ഇക്കാര്യത്തിൽ സജ്ജരാണെന്നും സെലൻസ്കി പറഞ്ഞു. കഴിഞ്ഞ 28 മാസമായി നടക്കുന്ന യുക്രെയ്ൻ-റഷ്യ യുദ്ധത്തിൽ വാഷിംഗ്ടണിന്റെ നിലപാട് എങ്ങനെ മാറുമെന്നുള്ള ആശങ്കയും സെലൻസ്കി പ്രകടിപ്പിച്ചു. തങ്ങൾക്ക് അമേരിക്കയുമായി ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ടെന്നും സെലൻസ്കി പറഞ്ഞു. യുഎസ് കോൺഗ്രസിനുള്ളിലെ തർക്കങ്ങൾ മൂലം മാസങ്ങളോളം സഹായ പ്രവാഹം നിലച്ചെങ്കിലും, ജോ ബൈഡന്റെ ഭരണകൂടം സംഘട്ടനത്തിലുടനീളം ആയുധങ്ങളും സഹായങ്ങളും നൽകിയിട്ടുണ്ടെന്നും സെലൻസ്കി കൂട്ടിച്ചേർത്തു.

റഷ്യൻ യുദ്ധം: 31,000 യുക്രെയ്ൻ സൈനികർ കൊല്ലപ്പെട്ടതായി സെലൻസ്കി

കീവ്: റഷ്യയുമായുള്ള രണ്ട് വർഷത്തെ യുദ്ധത്തിൽ 31,000 സൈനികർ കൊല്ലപ്പെട്ടതായി യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമിർ സെലൻസ്കി. തങ്ങളുടെ രാജ്യത്തിന്റെ വിജയം പാശ്ചാത്യ പിന്തുണയെ ആശ്രയിച്ചിരിക്കുന്നുവെന്നും അമേരിക്ക ഒരു നിർണായക സൈനിക സഹായ പാക്കേജിന് അംഗീകാരം നൽകുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നും സെലൻസ്കി പറഞ്ഞു. റഷ്യൻ സൈനിക പദ്ധതിയെ സഹായിക്കുമെന്നതിനാൽ യുദ്ധത്തിൽ പരിക്കേറ്റ സൈനികരുടെ എണ്ണം വെളിപ്പെടുത്തുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഈ ഓരോ നഷ്ടവും ഞങ്ങൾക്ക് വലിയ നഷ്ടമാണ്. ഇരുപക്ഷവും സൈനികരുടെ മരണം കുറയ്ക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. യുദ്ധം മൂന്നാം വർഷത്തിലേക്ക് കടക്കുന്ന സാഹചര്യത്തിൽ സംസാരിക്കുകയായിരുന്നു സെലൻസ്കി. പുടിനുമായി സംസാരിക്കുമോ എന്ന ചോദ്യത്തിന് സെലൻസ്കി പറഞ്ഞു, നിങ്ങൾക്ക് ഒരു ബധിരനോട് സംസാരിക്കാമോ എതിരാളികളെ കൊല്ലുന്ന ഒരാളോട് നിങ്ങൾക്ക് സംസാരിക്കാമോ എന്നും സെലൻസ്കി ചോദിച്ചു.

ഡീപ് ലേണിംഗിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) ഡീപ്പ് ലേണിംഗിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. 2024 ഓഗസ്റ്റ് 12 മുതൽ സെപ്റ്റംബർ 02 വരെ നീണ്ടുനിൽക്കുന്ന 30 മണിക്കൂർ ദൈർഘ്യമുള്ള പ്രോഗ്രാമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രൊഫഷണൽസിനും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് കോഴ്സ് ആവിഷ്കരിച്ചിരിക്കുന്നത്.

ഒരു ദിവസം 2 മണിക്കൂർ എന്ന രീതിയിൽ വൈകുന്നേരം 6 മുതൽ 8 വരെയായിരിക്കും പരിശീലനം നടക്കുക. ഇൻഡസ്ട്രിയിൽ ഫലപ്രദമായി പ്രയോഗിക്കാൻ പ്രാപ്തമായ രീതിയിലാണ് കോഴ്സുകളുടെ പാഠ്യക്രമം തയ്യാറാക്കിയിരിക്കുന്നത്. പരിശീലനത്തിന് ശേഷം ഓൺലൈൻ പരീക്ഷയും പ്രോജക്ട് അവതരണവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. ഈ കോഴ്സിലൂടെ ന്യൂറൽ നെറ്റ് വർക്കുകളെയും അവയുടെ ആർക്കിടെക്ചറുകളെയും കുറിച്ച് സമഗ്രമായ ധാരണ നൽകുകയും, ഇമേജ് ക്ലാസിഫിക്കേഷൻ പോലുള്ള വിവിധ പ്രവർത്തികൾക്കായി ആഴത്തിലുള്ള പഠന മാതൃകകൾ രൂപകൽപ്പന ചെയ്യാൻ പരിശീലിപ്പിക്കുകയും പങ്കെടുക്കുന്നവരെ അതിനായി സജ്ജരാക്കുകയും ചെയ്യും. മറ്റുള്ള ഓൺലൈൻ ക്ലാസ്സുകളിൽ നിന്ന് വ്യത്യസ്തമായി, തത്സമയ വിനിമയത്തിലൂടെയാണ് ക്ലാസ്സുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. വിദ്യാർഥികൾ ഉന്നയിക്കുന്ന സംശയങ്ങൾക്ക് മറുപടി നൽകാൻ വിദഗ്ധ പരിശീലകരുടെ സേവനം എല്ലാ സമയത്തും ലഭ്യമായിരിക്കും. ഐസിഫോസിലെ വിദഗ്ധരായ പരിശീലകരുടെ മേൽനോട്ടത്തിലായിരിക്കും പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടത്.

പങ്കെടുക്കുന്നവരുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കാണ് മുൻഗണന. രജിസ്ട്രേഷൻ ഫീ 3,000 രൂപ. ഓഗസ്റ്റ് ഏഴുവരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ +91 7356610110, +91 471 2413012 / 13 / 14, +91 9400225962 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

പെൻഷൻ കുറച്ചെങ്കിലും നൽകിക്കൂടേ സർക്കാരിനോട് ഹൈക്കോടതിയുടെ ചോദ്യം

കൊച്ചി: കൊടുത്തുതീർക്കാനുള്ള ക്ഷേമപെൻഷൻ കുറച്ചെങ്കിലും വിതരണം ചെയ്യുന്ന കാര്യം പരിഗണിച്ചു കൂടേയെന്ന് സർക്കാരിനോട് ഹൈക്കോടതി. ക്ഷേമ പെൻഷൻ കിട്ടാത്തത് ചൂണ്ടിക്കാട്ടി ഇടുക്കി സ്വദേശി മറിയക്കുട്ടി ഉൾപ്പെടെയുള്ളവർ സമർപ്പിച്ച ഹർജി പരിഗണിക്കുമ്പോഴാണ് ഹൈക്കോടതിയുടെ ചോദ്യം.

ആക്ടിംഗ് ചീഫ് ജസ്റ്റീസ് എ. മുഹ്താഖ് മുഹമ്മദ്, ജസ്റ്റീസ് എസ്. മനു എന്നിവരുടെ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. കേന്ദ്ര വിഹിതവും സെസ് വിഹിതവും ലഭിച്ചിട്ടും പെൻഷൻ നൽകുന്നില്ല എന്ന് മറിയക്കുട്ടിയുടെ അഭിഭാഷക ചൂണ്ടിക്കാട്ടി. ഇതിനു പിന്നാലെയാണ് കുറച്ചെങ്കിലും പെൻഷൻ നൽകിക്കൂടേ എന്ന് കോടതി സർക്കാരിനോട് ചോദിച്ചത്.

പെൻഷൻ നൽകുന്നതിലേക്കുള്ള കേന്ദ്ര സർക്കാർ വിഹിതവും, സെസ് വഴി ലഭിക്കുന്ന തുക ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകാൻ കഴിഞ്ഞ തവണ കേസ് പരിഗണിച്ചപ്പോൾ കോടതി നിർദേശിച്ചിരുന്നു. ഇക്കാര്യത്തിൽ വിശദാംശങ്ങൾ നൽകാൻ കോടതി ആവശ്യപ്പെട്ടു. കേസ് മാസം 30ന് വീണ്ടും പരിഗണിക്കും.

അർജുന്റെ ലോറി പുഴയിലില്ല; നേവിയുടെ രക്ഷാപ്രവർത്തനത്തിൽ നിർണായക കണ്ടെത്തൽ

ബംഗളൂരു: ഉത്തര കന്നഡയിൽ മണ്ണിടിച്ചിലിൽ കുടുങ്ങിയ ലോറിയിൽ അകപ്പെട്ട മലയാളി ഡ്രൈവർ അർജുനായുള്ള തിരച്ചിൽ തുടരുന്നു. മണ്ണിടിച്ചിലുണ്ടായ സ്ഥലത്തിന് സമീപമുള്ള ഗംഗാവാലി പുഴയിൽ ലോറിയില്ലെന്ന് നേവി സ്ഥിരീകരിച്ചു.

നേവിയുടെ ഡൈവർമാർ പുഴയിലിറങ്ങി നടത്തിയ പരിശോധനയിലാണ് നിർണായക കണ്ടെത്തൽ. 40 ടണ്ണിന് മുകളിൽ ഭാരമുള്ള ലോറി പുഴയിൽ വീണിട്ടുണ്ടെങ്കിൽ പ്രദേശത്ത് തന്നെ ഉണ്ടാകുമെന്നതിനാലാണ് ഡൈവർമാർ ഇവിടെ പരിശോധന നടത്തിയത്. നിലവിൽ പരിശോധന പൂർത്തിയാക്കി ഇവർ കരയ്ക്ക് കയറി.

ഇനി കര കേന്ദ്രീകരിച്ച് മാത്രമാകും രക്ഷാപ്രവർത്തനം നടത്തുക. മണ്ണിടിഞ്ഞതിന്റെ നടുഭാഗത്തായി ലോറി പെട്ടിരിക്കാം എന്നാണ് നിഗമനം. മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് ലോറി ഇവിടെയുണ്ടോ എന്ന് പരിശോധിക്കും.

രണ്ട് ഭാഗത്തുനിന്നും മണ്ണ് നീക്കിയും പരിശോധന നടത്തും. ദേശീയ ദുരന്ത നിവാരണ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ ദൗത്യം തുടങ്ങിയിട്ടുണ്ട്.

വിദ്യാർഥി പ്രക്ഷോഭം; ബംഗ്ലാദേശിൽ വിദ്യാർഥികൾ ടിവി ആസ്ഥാനത്ത് തീയിട്ടു

ധാക്ക: ബംഗ്ലാദേശിൽ വിദ്യാർഥികൾ വ്യാഴാഴ്ച രാജ്യത്തെ ടിവി ആസ്ഥാനത്ത് തീയിട്ടു. 32 പേരുടെ മരണത്തിനിടയാക്കിയ സംഘർഷം ശമിപ്പിക്കാൻ പ്രധാന മന്ത്രി ഷെയ്ഖ് ഹസീന നെറ്റ്വർക്കിൽ പ്രത്യക്ഷപ്പെട്ടതിന് തൊട്ടുപിന്നാലെയാണ് സംഭവം.

സർക്കാർ ജോലി നേടാനുള്ള നിയമങ്ങൾ പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ട് നൂറുകണക്കിന് പ്രതിഷേധക്കാർ പോലീസിനെ ആക്രമിക്കുകയും ചെയ്തു. നെറ്റ്വർക്കിന്റെ കെട്ടിടത്തിനും പുറത്ത് പാർക്ക് ചെയ്തിരുന്ന നിരവധി വാഹനങ്ങൾക്കും പ്രതിഷേധക്കാർ തീയിട്ടു. തീ പടർന്നതിനാൽ നിരവധി ആളുകൾ അകത്ത് കുടുങ്ങിക്കിടക്കുന്നുണ്ടെന്ന് ബ്രോഡ്കാസ്റ്റർ ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞു. എന്നാൽ സുരക്ഷിതമായി കെട്ടിടം ഒഴിപ്പിച്ചതായി ഒരു ജീവനക്കാരൻ വ്യക്തമാക്കി. സംപ്രേക്ഷണം തത്ക്കാലം നിർത്തിവച്ചതായും ഉദ്യോഗസ്ഥർ വ്യക്തമാക്കി.

പാക്കിസ്ഥാനെതിരായ സ്വാതന്ത്ര്യയുദ്ധത്തിൽ പങ്കെടുത്ത വിമുക്തഭടന്മാരുടെ കുടുംബങ്ങൾക്ക് 30% അനുവദിക്കുന്ന തൊഴിൽ ക്വാട്ട നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർഥികൾ നേരത്തെ പ്രകടനങ്ങൾ സംഘടിപ്പിച്ചിരുന്നു.

തൊഴിൽ ക്വോട്ട പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ പാർട്ടിയെ പിന്തുണയ്ക്കുന്നവർക്ക് അനുകൂലമാണെന്ന് പ്രകടനക്കാർ ആരോപിക്കുന്നു. നിലവിലെ രാഷ്ട്രീയ വ്യവസ്ഥയ്ക്ക് പകരം മെറിറ്റ് അടിസ്ഥാനമാക്കിയുള്ള ഒരു സംവിധാനം കൊണ്ടുവരണമെന്നും അവർ ആവശ്യപ്പെടുന്നു.

ശക്തി ചോരാതെ മഴ: താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ, ദുരിതാശ്വാസ ക്യാമ്പുകളിൽ 1,002 പേർ

കൽപ്പറ്റ: ജില്ലയിൽ ശക്തി ചോരാതെ മഴ. വൃഷ്ടി പ്രദേശങ്ങളിൽനിന്നു ഒഴുകിയെത്തിയ പെയ്ത്തുവെള്ളം പുഴകളെയും തോടുകളെയും ധന്യമാക്കി. കബനിയുടെ കൈവഴികളടക്കം പുഴകൾ പലേടങ്ങളിലും മറിഞ്ഞു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയത് നിരവധി കുടുബങ്ങൾക്കു താത്കാലിക ദുരിതമായി. പുഴയോരങ്ങളോടു ചേർന്നുള്ളതിൽ ചില പാടങ്ങൾ മുങ്ങി.

കൃഷിയിടങ്ങളിൽ വെള്ളം കയറി നാശനഷ്ടമുണ്ടായി. അങ്ങിങ്ങ് റോഡുകളും പാലങ്ങളും വെള്ളത്തിനടിയിലായി. മണ്ണിടിച്ചിൽ, മരം മറിയൽ, മതിൽ ഇടിയൽ, വൈദ്യുതി തടസം എന്നിവ ഇന്നലെയും തുടർന്നു. ഇന്ന് ജില്ലയിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. വെള്ളം കയറിയ ജനവാസകേന്ദ്രങ്ങളിൽ ദുരിത നിവാരണ പ്രവർത്തനം സജീവമാണ്. വൈത്തിരി, മാനന്തവാടി, ബത്തേരി താലൂക്കുകളിലായി 26 ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്നുണ്ട്. 300 കുടുംബത്തിലെ 1,002 പേരാണ് ക്യാമ്പുകളിൽ. ഇതിൽ 415 സ്ത്രീയും 365 പുരുഷനും 222 കുട്ടിയും ഉൾപ്പെടും. 104 പേർ ബന്ധുവീട്ടിലേക്ക് മാറിയിട്ടുണ്ട്. പനമരം ഹൈസ്കൂളിലെ ക്യാമ്പിലാണ് കൂടുതൽ കുടുംബങ്ങൾ. 30 കുടുംബത്തിലെ 105 പേരാണ് ഇവിടെ.

കല്ലൂർഹൈസ്കൂൾ, മുത്തങ്ങ ജിഎൽപി സ്കൂൾ, ചെട്ട്യാലത്തൂർ അങ്കണവാടി, കല്ലിൻകര ഗവ. യുപി സ്കൂൾ, നന്ദന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, കോളിയാടി മാർ ബസേലിയോസ് സ്കൂൾ, പൂതാടി ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ, പറളിക്കുന്ന് ഡബ്ല്യുഒഎൽപി സ്കൂൾ, തരിയോട് ജിഎൽപി സ്കൂൾ, പനമരം ജിഎച്ച്എസ്എസ്, അമൃത വിദ്യാലയം, കമ്മന നവോദയ സ്കൂൾ, മാനന്തവാടി ഹിൽ ബ്ലൂംസ് സ്കൂൾ, എൻഎം എൽപി സ്കൂൾ, ഗാന്ധി മെമ്മോറിയൽ യുപി സ്കൂൾ, ചെട്ട്യാലത്തൂർ ജിഎൽപി സ്കൂൾ, തരുവണ ഗവ. ഹൈസ്കൂൾ, കൈതക്കൽ ജിഎൽപി സ്കൂൾ, കൂളിവയൽ ഡബ്ല്യുഎംഒ അക്കാദമി എന്നിവിടങ്ങളിലാണ് ദുരിതാശ്വാസ ക്യാമ്പുകൾ. മാനന്തവാടി താലൂക്കിലെ ക്യാമ്പുകളിൽ പട്ടികജാതിവർഗ, പിന്നാക്ക ക്ഷേമ മന്ത്രി ഒ.ആർ. കേളു സന്ദർശനം നടത്തി.

മഴയിലും കാറ്റിലും ജില്ലയിൽ ഇതുവരെ 29 വീട് ഭാഗികമായി തകർന്നു. 125 കിണർ ഇടിഞ്ഞുതാഴ്ന്നു. 125 ഹെക്കർ കൃഷി നശിച്ചു. ഇന്നലെ രാവിലെ എട്ടരയ്ക്ക് അവസാനിച്ച 24 മണിക്കൂറിൽ തേറ്റമലയിലാണ് കൂടുതൽ മഴ രേഖപ്പെടുത്തിയത് 274 എംഎം. ബാണാസുര കൺട്രോൾ ഷാഫ്റ്റ്236.6,മക്കിയാട്234,വാളാട് വട്ടോളി 222,കുഞ്ഞോം216,കാപ്പിക്കളം202,മക്കിമല എസ്റ്റേറ്റ് 194,വെള്ളമുണ്ട പാടി191,ബോയ്സ് ടൗൺ189,ബാണാസുര ഡാം188,വാളാംതോട് മട്ടിലയം186.6,ലക്കിടി186,തലപ്പുഴ എസ്റ്റേറ്റ് 185,നിരവിൽപുഴ 181,കുറുമ്പാലക്കോട്ട176,എടുനിപിലേരി168,എടവക ഔട്ട്പോസ്റ്റ് 161,സുഗന്ധഗിരി159.2

വനിത ഭിന്നശേഷി സദനത്തിലെ താമസക്കാർക്ക് ഉപകരണങ്ങളുടെ വിതരണ ഉദ്ഘാടനം മന്ത്രി ഡോ: ആർ. ബിന്ദു നിർവ്വഹിച്ചു

പഠനമികവ് പുലർത്തിയ അശ്വതിക്ക് ആദരം

തിരുവനന്തപുരം പൂജപ്പുരയിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വനിത ഭിന്നശേഷി സദനത്തിലെ (ഒജഒ) താമസക്കാർക്ക് വേണ്ടി കേരള ഗ്രാമീൺ ബാങ്ക് തിരുവനന്തപുരം ശാഖ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് നൽകുന്ന ഉപകര

ശിശുസൗഹൃദ-കേന്ദ്രീകൃത മാധ്യമനയത്തിനായി മാർഗ നിർദ്ദേശരേഖയ്ക്ക് രൂപം നൽകാൻ യൂനിസെഫിന്റെ സഹകരണത്തോടെ കേരള മീഡിയ അക്കാദമി സംഘടിപ്പിച്ച വട്ടമേശ സമ്മേളനം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു

ശിശു സൗഹൃദ മാധ്യമ നയരേഖ സിലബസിൽ ഉൾപ്പെടുത്തണം മീഡിയ അക്കാദമി വട്ടമേശ സമ്മേളന ശുപാർശ

ശിശു സൗഹൃദ മാധ്യമം എന്ന വിഷയത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് മാധ്യമപഠനസ്ഥാപനങ്ങളുടെ സിലബസിൽ ഇതുസംബന്ധിച്ച നയരേഖ ഉൾപ്പെടുത്തണമെന്ന് കേരള മീഡിയ അക്കാദമിയും യുനിസെഫും ചേർന്ന് തിരുവനന്തപുരം തൈക്കാട് ഗവ ഗസ്റ്റ് ഹൌസിൽ നടത്തിയ വട്ടമേശ സമ്മേളനം ശുപാർശ ചെയ്തു. കേരളത്തിലെ മൂന്ന് മേഖലകളിലായി നടത്തിയ ശിശു സൗഹൃദ മാധ്യമപ്രവർത്തന ശിൽപ്പശാലയ്ക്ക് സമാപനം കുറിച്ചുകൊണ്ടാണ് വട്ടമേശ സമ്മേളനം നടന്നത്.

ഇതിനായി ശിശു സൗഹൃദ മാധ്യമപ്രവർത്തനത്തിന് വേണ്ടിയുള്ള നയരേഖ തയ്യാറാക്കും. ഇതിന്റെ കരട് രൂപമാണ് ചർച്ച ചെയ്തത്. കരട് നയരേഖയ്ക്ക് അന്തിമരൂപം നൽകാൻ ദൂരദർശൻ മുൻ അഡീഷണൽ ഡയറക്ടർ ജനറൽ കെ കുഞ്ഞികൃഷ്ണൻ ചെയർമാനായും ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ എസ് ബിജു കൺവീനറായുമുള്ള 11 അംഗ കമ്മിറ്റി രൂപീകരിച്ചു. യുനിസെഫ് സൌത്ത് ഇന്ത്യ പ്രോഗ്രാം ഹെഡ് ശ്യാം സുധീർ ബണ്ടി കമ്മിറ്റിയിൽ അംഗമായിരിക്കും. 2024 ആഗസ്റ്റിൽ നയരേഖ പുറത്തിറക്കും. ഇത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും

നയരേഖ കേവലം മാധ്യമങ്ങളിൽ മാത്രം ഒതുങ്ങുന്നത് ആവരുതെന്നും സമൂഹത്തിന്റെ താഴെത്തട്ടിലെ വിവിധ മേഖലകളിലേക്ക് അതെത്തിപ്പെടണം എന്നും സമ്മേളനം നിർദ്ദേശിച്ചു. പരമ്പരാഗത മാധ്യമങ്ങൾക്കൊപ്പം സമൂഹമാധ്യമങ്ങളിലേക്കും ഇതെത്തിച്ചേരണം. സമൂഹമാധ്യമങ്ങളെ ബോധവത്കരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. വാർത്താമാധ്യമങ്ങളിൽ മാത്രമല്ല, ഏറ്റവും അധികം സ്വാധീനമുള്ള എന്റർടെയിന്റ്മെന്റ് ചാനലുകളിലും ഈ നിർദ്ദേശങ്ങൾ എത്തണം. മാധ്യമങ്ങളുടെ നിർവ്വചനംതന്നെ മാറിവരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന രീതിയിലാകണം മാധ്യമപ്രവർത്തനം. അതിനുതകുന്നതായിരിക്കണം ഈ നയം. ഇതിന്റെ സൂക്ഷ്മതലങ്ങൾ ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

മാറുന്ന കാലഘട്ടത്തിൽ കുട്ടികൾ പലവിധ വെല്ലുവിളികൾ നേരിടുന്നുണ്ട്. മയക്കുമരുന്ന് അടക്കമുള്ള കാര്യങ്ങളെ അതിജീവിക്കാനുള്ള പിന്തുണ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. അധ്യാപകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആശാവർക്കർമാർക്കും സാക്ഷരതാ പ്രേരക്മാർക്കും ഈ വിഷയത്തിൽ ബോധവത്കരണം നടത്തേണ്ടതായിട്ടുണ്ട്.

സംസ്ഥാന ബാലാവകാശ കമ്മീഷൻ എല്ലാ സഹായവും ഇതിനായി നൽകുന്നതാണെന്ന് ചെയർമാൻ അഡ്വ മനോജ്കുമാർ അറിയിച്ചു. ബാലാവകാശ കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിലുള്ള കരട് മാർഗരേഖ കമ്മീഷൻ തയ്യാറാക്കിനൽകും. സാക്ഷരതാ പ്രേരക്മാരുടെ സഹായവും ഇതിനായി ലഭ്യമാകും. സ്കൂൾ കരിക്കുലത്തിൽ തന്നെ ഇത് ഉൾപ്പെടുത്തുന്നതിനായി കരിക്കുലം കമ്മിറ്റിയിൽ ഇത് ഉൾപ്പെടുത്തണം.

ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ എസ് ബിജു മോഡറേറ്ററായി. മുൻ ഡിജിപി ജേക്കബ് പുന്നൂസ്, മുൻ ജില്ലാ ജഡ്ജി എസ് എച്ച് പഞ്ചാപകേശൻ, മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, യുനിസെഫ് സൌത്ത് ഇന്ത്യ പ്രോഗ്രാം ഹെഡ് ശ്യാം സുധീർ ബണ്ടി, വനിതാ കമ്മീഷൻ അംഗം കുഞ്ഞയിഷ, ശിശുക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ ബിന്ദു ഗോപിനാഥ്, സാക്ഷരതാ മിഷൻ ഡയറക്ടർ എ ജി ഒലീന, ഐഎം എ സംസ്ഥാന സെക്രട്ടറി ഡോ അൽത്താഫ്, സിബി എസ്ഇ സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ ജി രാജ്മോഹൻ, വിവരാവകാശ കമ്മീഷൻ മുൻ അംഗം കെ വി സുധാകരൻ, രാജ് ഭവൻ പബ്ലിക് റിലേഷൻ ഓഫീസർ എസ് ഡി പ്രിൻസ്, ആകാശവാണി അഡീഷണൽ ഡയറക്ടർ ശ്രീകുമാർ മുഖത്തല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് രാധിക സി നായർ, മുതിർന്ന മാധ്യമപ്രവർത്തകരായ പി കെ രാജശേഖരൻ, ശ്രീകുമാർ (ജന്മഭൂമി), അനിൽ (ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്), മനോജ് കടമ്പാട് (മലയാള മനോരമ), സരിതാ മോഹൻ ഭാമ, ജോർജ്ജ് കുട്ടി, ഹയർസെക്കന്ററി ജേർണലിസം അധ്യാപിക ഡോ എസ് സിന്ധു തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

മാധ്യമ പ്രവർത്തനത്തിൽ ബാലസൗഹൃദ നയം അനിവാര്യം: മന്ത്രി വീണ ജോർജ്

തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിയുകയോ ചിന്തിക്കുകയോ ചെയ്യാത്ത വിഭാഗങ്ങളാണ് കുഞ്ഞുങ്ങളെന്നും അതിനാൽത്തന്നെ മാധ്യമ പ്രവർത്തനത്തിൽ ബാലസൗഹൃദ നയം അനിവാര്യമാണെന്നും ആരോഗ്യ, വനിതശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് പറഞ്ഞു.

കേരള മീഡിയ അക്കാദമി യുനിസെഫിന്റെ സഹകരണത്തോടെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശിശു സൗഹൃദമാധ്യമ പ്രവർത്തനം സംബന്ധിച്ച വട്ടമേശ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മാർഗരേഖ പ്രകാശനവും വീണ ജോർജ് നിർവ്വഹിച്ചു. കുട്ടികളുടെ നേട്ടങ്ങൾ, പ്രശ്നങ്ങൾ എന്നിങ്ങനെ അവരുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ രണ്ടു വിധത്തിലാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. നിയമപരമായ തർക്കങ്ങളിലേർപ്പെടേണ്ടി വരുന്ന വിഷയങ്ങളിൽപ്പെട്ട കുഞ്ഞുങ്ങളുടെ ഒരു തരത്തിലുള്ള വിവരവും ഒരു കാരണവശാലും പ്രസിദ്ധപ്പെടുത്താൻ പാടില്ല. ആ കുഞ്ഞിനെ തിരിച്ചറിയാനിടയാക്കുന്ന ഒരു കാര്യവും രക്ഷകർത്താക്കളെ സംബന്ധിച്ച വിവരം പോലും പ്രസിദ്ധപ്പെടുത്താൻ പാടില്ല. പക്ഷേ, കുഞ്ഞിന്റെ മുഖം മറച്ചും മറ്റു സൂചനകൾ നൽകിയുമാണ് മാധ്യമങ്ങൾ പലപ്പോഴും വാർത്തകൾ നൽകുന്നത്. ഇക്കാര്യത്തിൽ വ്യക്തമായ ഒരു നയം ഉണ്ടാവേണ്ടതുണ്ടെന്നും മന്ത്രി വീണ ജോർജ് പറഞ്ഞു.

കുഞ്ഞുങ്ങളുമായി അഭിമുഖം നടത്തുന്നതും ചിത്രീകരിക്കുന്നതും കുഞ്ഞുങ്ങളുടെ താല്പര്യം പരിഗണിച്ചായിരിക്കണം. ദുരന്ത പ്രയോഗങ്ങളോ മാനസിക സംഘർഷങ്ങളുണ്ടാക്കുന്ന സംസാരങ്ങളോ അഭിമുഖങ്ങളിലുണ്ടാവരുത്. പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് അഭിമുഖത്തിന്റെ പൂർണ വിവരങ്ങൾ കുഞ്ഞിനെയും രക്ഷകർത്താക്കളെയും ബോധ്യപ്പെടുത്തിയിരിക്കണം എന്നീ കാര്യങ്ങളിൽ മാധ്യമപ്രവർത്തകരുടെ നിതാന്ത ജാഗ്രത യുണ്ടായിരിക്കണമെന്നും മന്ത്രി പറഞ്ഞു.

കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു അധ്യക്ഷത വഹിച്ചു. സെക്രട്ടറി അനിൽ ഭാസ്കർ സ്വാഗതം പറഞ്ഞു. മുൻ ഡിജിപി ജേക്കബ് പുന്നൂസ്, മുൻ ജില്ലാ ജഡ്ജി എസ് എച്ച് പഞ്ചാപകേശൻ, ദൂരദർശൻ മുൻ അഡീഷണൽ ഡയറക്ടർ ജനറൽ കെ കുഞ്ഞികൃഷ്ണൻ മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, യുനിസെഫ് സൌത്ത് ഇന്ത്യ പ്രോഗ്രാം ഹെഡ് ശ്യാം സുധീർ ബണ്ടി തുടങ്ങിയവർ പങ്കെടുത്തു. ഏഷ്യാനെറ്റ് എക്സിക്യൂട്ടീവ് ന്യൂസ് എഡിറ്റർ എസ് ബിജു മോഡറേറ്ററായിരുന്നു. അക്കാദമി വൈസ് ചെയർമാൻ ഇ.എസ് സുഭാഷ് നന്ദി പറഞ്ഞു.

അപേക്ഷ ക്ഷണിച്ചു

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിന് കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.റ്റി.ഇ പ്രിന്റിങ് ടെക്നോളജി (പാർട്ട് ടൈം) പ്രീ പ്രസ്സ് ഓപ്പറേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ പത്താം ക്ലാസ്സ് പാസായിരിക്കണം. അപേക്ഷ ഫോമും വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസും www.sitttrkerala.ac.in, www.polyadmission.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗക്കാർക്കും ഭിന്നശേഷിക്കാർക്കും ഗവ. പ്രസിലെ ജീവനക്കാർക്കും സീറ്റുകളിലേക്ക് സംവരണം ഉണ്ടായിരിക്കും. പൂരിപ്പിച്ച അപേക്ഷ ഫോറം സ്വയം സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, അപേക്ഷ ഫീസ് (25 രൂപ) എന്നിവ സഹിതം ജൂലൈ 24ന് വൈകിട്ട് 4 മണിക്ക് മുമ്പ് സെൻട്രൽ പോളിടെക്നിക്ക് കോളേജ് ഓഫീസിൽ സമർപ്പിക്കണം.

ഇന്നോവേറ്റ് ആൻഡ് കണക്ട് സ്റ്റാർട്ടപ്പ് സപ്പോർട്ട് പ്രോഗ്രാം

വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (ഗകഇഉ) 6 ദിവസത്തെ ഇന്നോവേറ്റ് ആൻഡ് കണക്ട് (സ്റ്റാർട്ടപ്പ് പ്രോഗ്രാം) എന്ന വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂലൈ 22 മുതൽ 27 വരെ കളമശേരിയിലെ ഗകഇഉ ക്യാമ്പസിലാണ് പരിശീലനം. 18 നും 35 നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്ക് പങ്കെടുക്കാം. Ideation, Product Design, Product Development, Market Research, Business Model, Pitch Deck Creation, Legal - Company Incorporation, Tax, Intellectual Propetry Rights, Growth Hacking and Scaling Tech, AI tools for startups, Funding options, Visit to Kerala Startup Mission തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/r-a-ining-calender ൽ അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസടച്ചാൽ മതി കൂടുതൽവിവരങ്ങൾക്ക് : 04842532890, 04842550322, 9188922785.

അധ്യാപക ഒഴിവുകൾ

തിരുവനന്തപുരം ജില്ലയിലെ എയ്ഡഡ് സ്കൂളിൽ എച്ച്.എസ്.ടി (നാചുറൽ സയൻസ്) വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായ് (കാഴ്ച പരിമിതി1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവുണ്ട്. പത്താം ക്ലാസ് പാസായിരിക്കണം. ടി.ടി.സി, ഡി.എഡ് അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദവും ബി.എഡ് പാസായിരിക്കണം. യോഗ്യത പരീക്ഷ വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുണ്ടായിരിക്കണം. 18നും 40നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം (ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ വയസിളവ്). നിശ്ചിത യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജൂലൈ 26നു മുമ്പ്0 പേര് രജിസ്റ്റർ ചെയ്യണം.

അപേക്ഷ തീയതി നീട്ടി

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിന് കേരള പബ്ലിക് എന്റർപ്രൈസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31 വരെ നീട്ടി.

കിഫ്കോൺ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ), കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ) മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ജൂനിയർ മാനേജർ (സ്റ്റോർ), ജൂനിയർ മാനേജർ (ഡഇ), ജൂനിയർ മാനേജർ (ഡഅ) ഫാർമസി, ജൂനിയർ മാനേജർ (പർച്ചേസ്), ജൂനിയർ മാനേജർ (പി ആൻഡ് എ), ജനറൽ മാനേജർ (മാർക്കറ്റിങ്), ജനറൽ മാനേജർ (ടെക്നിക്കൽ), അസിസ്റ്റന്റ് മാനേജർ (മെയിന്റനൻസ്) മെക്കാനിക്കൽ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കമ്പനി സെക്രട്ടറി, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ) മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ (ടെക്സ്ഫെഡ്) മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലേക്കുള്ള അപേക്ഷാ തീയതിയാണ് നീട്ടിയത്. വിശദാംശങ്ങൾക്ക് kpserb.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

അഞ്ചലിൽ വൻ മയക്കുമരുന്ന് വേട്ട; രണ്ടു യുവാക്കൾ പിടിയിൽ

കൊല്ലം: കാറിൽ കടത്തിക്കൊണ്ടു വരികയായിരുന്ന എംഡിഎംഎയുമായി രണ്ടു യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തു. അഞ്ചൽ സ്വദേശികളായ അലി ഷർബാൻ, മനോജ് എന്നിവരാണ് 13 ഗ്രാം എംഡിഎംഎയുമായി അറസ്റ്റിലായത്. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം റൂറൽ ഡാൻസഫ് സംഘത്തിന്റെയും അഞ്ചൽ പോലീസിൻറേയും നേതൃത്വത്തിൽ നടത്തിയ വാഹന പരിശോധനയിലാണ് ഇരുവരും കുടുങ്ങിയത്. പോലീസിനെ കണ്ട് കാർ അമിത വേഗതയിൽ ഓടിച്ചു പോകാൻ ശ്രമിച്ചെങ്കിലും പോലീസ് കാർ തടയുകയായിരുന്നു.

കാറിൽ നിന്നും ഇറങ്ങിയ പ്രതികൾ സമീപത്തെ മതിൽ ചാടി രക്ഷപെടാൻ ശ്രമിച്ചെങ്കിലും പോലീസ് പിന്തുടർന്ന് പിടികൂടുകയായിരുന്നു.

വാഹനങ്ങളിലെ സർക്കാർ മുദ്ര; നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി: ഹൈക്കോടതി

കൊച്ചി: വാഹനങ്ങളിൽ നിയമവിരുദ്ധമായി സർക്കാർ മുദ്രയുള്ള ബോർഡ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് ഹൈക്കോടതി. ജസ്റ്റീസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റീസ് ഹരിശങ്കർ വി. മേനോൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് മുന്നറിയിപ്പ് നൽകിയത്.

നിയമവിരുദ്ധമായി വാഹനത്തിൽ ബോർഡ് വെക്കുന്ന കസ്റ്റംസ്, ഇൻകംടാക്സ്, സെൻട്രൽ എക്സൈസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്ന് കോടതി ചോദിച്ചു. വാഹനങ്ങളുടെ നിയമലംഘനവുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

ഉദ്യോഗസ്ഥരുടെ പദവി രേഖപ്പെടുത്തി ബോർഡ് വെക്കുന്നതും നിയമ വിരുദ്ധമാണ്. എറണാകുളത്ത് കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരാണ് നിയമലംഘനം നടത്തുന്നതെങ്കിൽ തിരുവനന്തപുരത്ത് എത്തുമ്പോൾ സംസ്ഥാന സർക്കാർ സെക്രട്ടറിമാരാണ് നിയമലംഘനം നടത്തുന്നതെന്നും ഡിവിഷൻ ബെഞ്ച് പറഞ്ഞു.

ചവറ കെഎംഎംഎൽ എംഡിയുടെ വാഹനം ആലുവ മേൽപ്പാലത്തിലൂടെ ലൈറ്റിട്ട് അമിത വേഗത്തിൽ പോയ സംഭവത്തിൽ എൻഫോഴ്സ്മെന്റ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് അടുത്ത തവണ ഹർജി പരിഗണിക്കുമ്പോൾ നൽകണമെന്നും കോടതി പറഞ്ഞു.

ക്രൈസ്തവ ചരിത്ര മ്യൂസിയം തുറന്നു

പാലയൂർ: മാർതോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർഥകേന്ദ്രത്തിലെ ഭാരത ക്രൈസ്തവ ചരിത്ര മ്യൂസിയം നവീകരണത്തിനുശേഷം തുറന്നുകൊടുത്തു. അറ്റകുറ്റപ്പണികൾക്കായി അടച്ചിരിക്കുകയായിരുന്നു.

മ്യൂസിയത്തിന്റെ ആശീർവാദവും, ഉദ്ഘാടനവും ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ചടങ്ങിൽ തീർഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ. ഡോ. ഡേവിസ് കണ്ണമ്പുഴ അധ്യക്ഷത വഹിച്ചു. സഹവികാരി ഫാ. ഡെറിൻ അരിമ്പൂർ, തീർഥകേന്ദ്രം മാനേജിംഗ് ട്രസ്റ്റി ടി. ജെ. സന്തോഷ് എന്നിവർ പ്രസംഗിച്ചു. കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി സംസ്കൃത കോളജിലെ എംഎ മ്യൂസിയോളജി വിഭാഗം പ്രഫസർ ഫ്രാൻസിസിന്റെ നേതൃത്വത്തിലുള്ള വിദ്യാർഥികളാണ് മ്യൂസിയത്തിന്റെ ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളത്.

ഏറെ വർഷങ്ങളോളം പഴക്കമുള്ള കല്ലുകളും താളിയോലകളും ചെപ്പേടുകളും തുടങ്ങി ക്രിസ്തീയ പൗരാണികതകൾ നിറഞ്ഞ ഒട്ടനവധി ചരിത്രമൂല്യങ്ങളുടെ സമഗ്രകലവറയാണ് തീർഥകേന്ദ്രത്തിലെ ചരിത്ര മ്യൂസിയം. ഇടവകക്കാരുടെ സഹകരണത്തിലാണ് നവീകരണം.

ഉദ്ഘാടനത്തിന് ട്രസ്റ്റിമാരായ കെ. ജെ. പോൾ, സി. എം. ബാബു, ജോഫി ജോസഫ്, തീർഥകേന്ദ്രം സെക്രട്ടറി ബിജു മുട്ടത്ത്, ജനറൽ കൺവീനർ സി. ഡി. ലോറൻസ്, കൺവീനർ ബോബ് എലവത്തിങ്കൽ, ജെഫിൻ ജോണി തുടങ്ങിയവർ നേതൃത്വം നൽകി.

ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാൻ ഇറങ്ങി മരണമടഞ്ഞ റെയിൽവെ കരാർ തൊഴിലാളി ജോയിയുടെ അമ്മക്ക് മാരായമുട്ടത്ത് സംസ്ഥാന സർക്കാരിന്റെ ധനസഹായം മന്ത്രി വി.ശിവൻകുട്ടി നൽകുന്നു.സി.കെ. ഹരീന്ദ്രൻ എം.എൽ.എ, വി. ജോയി എം.എൽ.എ , ജില്ലാ കളക്ടർ ജെറോമിക്ക് ജോർജ് തുടങ്ങിയവർ സമീപം